<u>15 -ാം കേരള നിയമസഭ</u>

<u>12 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 633</u> <u>08-10-2024 - ൽ മറുപടിയ്ക്ക്</u>

<u>വൈപ്പിൻ മണ്ഡലത്തിലെ പദ്ധതികൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പാക്കുന്നതും നടപ്പാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ എന്തൊക്കെയെന്നും അവയുടെ നിലവിലെ സ്ഥിതി എന്തെന്നും വിശദമാക്കാമോ? | (എ) | വൈപ്പിൻ മണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ ചുവടെ സൂചിപ്പിക്കുന്നു.<br><br>പ്രധാനമന്ത്രി ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസിങ് എന്റർപ്രൈസസ് സ്കീമിലൂടെ ധനസഹായത്തിനായി ലഭിച്ച 11 അപേക്ഷകളിൽ 6 എണ്ണത്തിന് അംഗീകാരം നൽകിയിട്ടുണ്ട്. 5 അപേക്ഷകൾ ബാങ്കുകൾക്ക് വായ്പ അനുമതിയ്ക്കായി നൽകിയിട്ടുണ്ട്.<br><br>പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതിയിലൂടെ ധനസഹായത്തിനായി ലഭിച്ച 18 അപേക്ഷകളിൽ 9 എണ്ണത്തിന് അംഗീകാരം നൽകിയിട്ടുണ്ട്. 9 അപേക്ഷകൾ ബാങ്കുകൾക്ക് വായ്പ അനുമതിയ്ക്കായി നൽകിയിട്ടുണ്ട്.<br><br>ഒരു കുടുംബം ഒരു സംരംഭം പദ്ധതിയിലൂടെ ധനസഹായത്തിനായി ലഭിച്ച 7 അപേക്ഷകൾ പരിഗണനയിലാണ്.<br><br>എം.എസ്.എം.ഇ ഇൻഷ്വറൻസ് പദ്ധതിയിൽ ഈ സാമ്പത്തിക വർഷം ലഭിച്ച 3 അപേക്ഷകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.<br><br>എന്റർപ്രണേഴ്സ് സപ്പോർട്ട് സ്കീമിൽ ധനസഹായത്തിനായി ഈ സാമ്പത്തികവർഷം 2 അപേക്ഷകൾ ലഭിച്ചതിൽ ഒരെണ്ണത്തിന് അംഗീകാരം നൽകി.<br><br>മാർജിൻ മണി ഗ്രാന്റ് സ്കീമിൽ ലഭിച്ച ഒരു അപേക്ഷ ബാങ്കിലേക്ക് അനുമതിയ്ക്കായി നൽകിയിട്ടുണ്ട്.<br><br>സംരംഭക വർഷം 3.0 പദ്ധതിയുടെ ഭാഗമായി 2024 ഏപ്രിൽ മുതൽ നാളിതുവരെ വൈപ്പിൻ മണ്ഡലത്തിൽ ഉൾപ്പെടുന്ന പള്ളിപ്പുറം, കുഴുപ്പിള്ളി, എടവനക്കാട്, |

| | | | |
|---|---|---|---|
| | | | നായരമ്പലം, ഞാറക്കൽ, കടമക്കുടി, മുളവുകാട്, എളങ്കുന്നപ്പുഴ തുടങ്ങിയ പഞ്ചായത്തുകളിലായി 360 സംരംഭങ്ങൾ രൂപീകരിക്കപ്പെട്ടു ഇതിന്റെ ഭാഗമായി 15.72 കോടി രൂപയുടെ നിക്ഷേപവും 628 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു. ഈ മാസം, വൈപ്പിൻ നിയോജക മണ്ഡലത്തിലെ സംരംഭകർക്കായി ജനറൽ ഓറിയന്റേഷൻ ട്രെയിനിങ് പ്രോഗ്രാം സംഘടിപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.<br><br>കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ ആഭിമുഖ്യത്തിൽ പ്രത്യേക തൊഴിൽദാന പദ്ധതിയായ എന്റെ ഗ്രാമം, പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി എന്നിങ്ങനെ 2 പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ